(ബി) പ്രസ്തുത പദ്ധതി നിലനിർത്തുന്നതിനായി കെ.എസ്.ഇ.ബി.ക്ക് ഒരു വർഷം എന്ത് ചെലവ് വരും ;

(സി) കൂടുതൽ കോളനികളിൽ ഈ സൗകര്യം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എവിടെയെല്ലാം ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന്റെ വൈദ്യുതശൃംഖല വഴി വെളിച്ചം എത്തിക്കാനാവാത്ത ഉൾപ്രദേശ/വനപ്രദേശങ്ങളിലുള്ള ജന വിഭാഗങ്ങൾക്ക് വെളിച്ചം എത്തിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ അനർട്ട് നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ സൗരോർജ്ജ പരിപാടി. രണ്ടു ഘട്ടങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞ ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന 429 കോളനികളിൽ 865 തെരുവ് വിളക്കുകളും 13438 ഗാർഹിക വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധം 1 † ആയി ചേർത്തിരിക്കുന്നു. അനർട്ടിന്റെ വൈദ്യുതീകരണ പരിപാടിയുടെ പ്രയോജനം 332 ആദിവാസി കോളനികളിൽ ലഭ്യമായിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.†

(ബി) ഈ പദ്ധതി കെ.എസ്.ഇ.ബി. വഴിയല്ല നടപ്പിലാക്കുന്നത്. ഇതിനായി അനർട്ട് ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(സി, ഡി) ഉണ്ട്; പ്രസ്തുത വൈദ്യുത പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 115 കോളനികളിൽ വെളിച്ചം എത്തിക്കുന്നതിനുള്ള ഒരു നിർദ്ദേശം അനർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ 55 കോളനികൾ ആദിവാസി മേഖലയിലുള്ളവയാണ്, തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ ഉൾപ്പെടുന്ന ആദിവാസി കോളനികളുടെ പട്ടിക അനുബന്ധം† മൂന്നായി ചേർത്തിരിക്കുന്നു.

പേരാമ്പ്ര മണ്ഡലത്തിലെ പഞ്ചായത്തുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നടപടി

44 [1941] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വൈദ്യുതീകരണം സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെ എത്തിയെന്ന് വ്യക്തമാക്കാമോ ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വിശദമാക്കാമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഓരോ ഏരിയയിലും ചുരുങ്ങിയത് എത്ര വീടുകൾ വേണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 114 കോടി രൂപ ചെലവ് വരുന്ന മലയോര വൈദ്യുതീകരണ പദ്ധതിക്ക് അനുവാദം ലഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കയാണ്.

(ബി) പേരാമ്പ്ര, കായണ്ണ, കൂത്താളി, ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, ചങ്ങരോത്ത്, ചെറുവണ്ണൂർ പഞ്ചായത്തുകൾ.

(സി) മിനിമം വീടുകളുടെ എണ്ണം ഈ പദ്ധതിയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടില്ല.

(ഡി) കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ബേപ്പൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ നടപടി

45 [1942] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകൾ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ ലൈൻവലിക്കുന്നതിന് പണമടച്ചിട്ടുണ്ട് ; എത്ര തുക വീതം ; അടച്ച തീയതി എന്നിവ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എന്നേക്ക് പ്രവർത്തി പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി, സി) മെറ്റീരിയൽസ് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. മറ്റു വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly